ആഹാരവും പോഷണവും ആനകളിൽ

ഡോ. കെ. മുരളി എം.ഡി.
(ആയുർവ്വേദം)

സൃഷ്ടിക്രമമനുസരിച്ച് പ്രപഞ്ചം മു
ഴുവനും പഞ്ചഭൂതാത്മകമാണ് . ശരീര
ആഹാരമോ ഔഷധമോ ആയി
യോഗിക്കുന്ന ദ്രവ്യങ്ങളും ഭൗതി
ാണ്. ഈ സമാനത കൊണ്ടാ
' ആഹാരം കൊണ്ട് ശരീരം പുഷ്ട
കുന്നതും, ഔഷധം കൊണ്ട് രോ
ശമിക്കുന്നതും. ഭൂതങ്ങളുടെ അന
തത്തിലുള്ള വ്യത്യാസം കൊണ്ടാ
' ദ്രവ്യങ്ങൾ ഘടനയിലും ഗുണ
ിലും വ്യത്യസ്ഥങ്ങളായിരിക്കുന്നത്.
ഞ്ഞുശരീരമാകട്ടെ, അന്നമയമെന്ന്
യുർവ്വേദത്തിൽ വിശേഷിപ്പിക്ക
ട്ടിരിക്കുന്നു. സൂക്ഷ്മമായി രൂപംപൂണ്ട
ഹം, ഗർഭത്തിൽ മാതാവിൻെറ
ഹാരരസം കൊണ്ടാണ് വളർന്നു
ുതാകുന്നത്. അതുകൊണ്ട് 'അന്ന
ിൽ നിന്ന് ഉണ്ടായത്' എന്ന് ശ
രത്തെ പറയുന്നു. ജനിച്ചശേഷവും
ക്തി, വളർച്ച, രോഗപ്രതിരോധം
ന്നിവ ആഹാരത്തെ ആശ്രയിച്ചാ
്. ഇങ്ങനെ ആഹാരത്തിന് ശരീ
ും രോഗാരോഗ്യങ്ങളുമായുള്ള ബ
ം ശാസ്ത്രീയമായ വിശദീകരിക്കപ്പെ
രിക്കുന്നു.

ആനകളുടെ, ആഹാരത്തെപ്പറ്റി
ിന്തിക്കുമ്പോൾ അതിൻെറ ശാരീ
കമായ പ്രത്യേകതകളും പരിഗണി
ണം. ശരീരത്തിൻെറ വലുപ്പവുമാ
താരതമ്യപ്പെടുത്തുമ്പോൾ വളരെ
ചറുതാണ്, ആനയുടെ വായ. കഷ്ടി
' 200 ഗ്രാം തീറ്റയേ വായിൽ ഒരു
മയത്ത് ചവച്ചരയ്ക്കാനാകൂ. ഒരു ദി
സം ചുരുങ്ങിയത് 200 കിലോവി
ധികം ഭക്ഷണം കഴിക്കേണ്ടതു
ണ്ടന്ന് ഓർക്കുക. ഓരോ താടിയി
ം ഈരണ്ടുവീതം നാല് അണപ്പല്ലു
ളാണ് ആനയ്ക്കുള്ളത്. ഇവ കൊണ്ടു
ള ചവയ്ക്കൽ അത്ര കേമമൊന്നുമല്ല.
ക്കക്കുരുവും മാങ്ങയണ്ടിയുമെല്ലാം
കടുപാടൊന്നുമില്ലാതെ പിണ്ഡത്തി
ടെ വരുന്നതുകാണാം. ഒരറ മാത്രമു
ള ആമാശയവും ചെറുതാണ്. ഇ
ിൽ 200-300 ഗ്രാം ഭക്ഷണം കൊ

ള്ളും. ദഹനശക്തിയാണെങ്കിൽ വളരെ കുറവ്. കഴിക്കുന്ന ഭക്ഷണത്തിലുള്ള പോഷകാംശങ്ങളുടെ 40-50 ശതമാനം മാത്രമേ ദഹിച്ച് ആഗിരണം ചെയ്യപ്പെടുന്നുള്ളൂ. അതുകൊണ്ട് ആനയ്ക്ക് ദിവസത്തിൽ 20 മണിക്കൂറും ഭക്ഷണം കഴിക്കേണ്ടിവരുന്നു. സസ്യഭോജിയെന്നപോലെ ആന വിവിധഭോജി(Polyphagous) യുമാണ്. പുല്ലും വൃക്ഷത്തലപ്പും മരപ്പട്ടയുമെല്ലാം ഉൾപ്പെടുന്നു ആനവിഭവങ്ങളിൽ.

ആഹാരവുമായി ബന്ധപ്പെട്ട് പല ശീലങ്ങളുമുണ്ട് ആനയ്ക്ക്. പുല്ലും മറ്റും തുമ്പിക്കൈ കൊണ്ട് മുൻകാലുകളിൽ തട്ടി മണ്ണും പൊടിയും കളഞ്ഞ് ശുചിയാക്കിയാണ് കഴിക്കുന്നത്. അളവിനേക്കാളേറെ ഗുണത്തിന് ആന പ്രാധാന്യം കല്പിക്കുന്നുണ്ട്. ഓരോന്ന് തെരഞ്ഞെടുത്ത് കഴിക്കുന്നതുകണ്ടാലറിയാം ഇത്. ഒഴുകുന്ന വെള്ളം മാത്രം കുടിക്കുന്ന ആനയെ ഒരിക്കൽ കാണാനിടയായി.

കാട്ടിലാകുമ്പോൾ പുല്ലുതന്നെ പ്രധാന ഭക്ഷണം. പ്രത്യേകിച്ചും ഇളംപുല്ലുകൾ ലഭിക്കുന്ന സമയത്ത്. വേനൽക്കാലത്ത് പുല്ലിൻെറ വേരിനടുത്ത മൃദുഭാഗങ്ങളും പൂവുമാണ് മുഖ്യാകർഷണം. ബാക്കി ഭാഗം കളയുന്നു. ഇതിൻെറ കാരണം വേനലിൽ പുല്ലിലെ പ്രോട്ടീൻെറ അംശവും സ്വാദിഷ്ടതയും കുറയുന്നതാണെന്ന് അഭിപ്രായമുണ്ട് . ഇഞ്ചിപ്പുല്ല്, തിമോത്തിപ്പുല്ല് തുടങ്ങിയവയാണ് കൂടുതൽ ഭക്ഷിക്കപ്പെടുന്ന പുല്ലിനങ്ങൾ. പുല്ലിൻെറ പ്രധാന്യത്തെ ഹസ്ത്യായുർവ്വേദവും എടുത്തുപറയുന്നുണ്ട്. തൃണം, വെള്ളംദാഹത്തെ ശമിപ്പിക്കുന്നു. തൃപ്തിയെ ഉണ്ടാക്കുന്നു. രക്തത്തെ ശുദ്ധമാക്കുന്നു. മനസ്സിനേയും പ്രസന്നമാക്കുന്നു. വളരെ പ്രേരിപ്പിച്ചിട്ടും പുല്ലുതിന്നുന്നില്ലെങ്കിൽ രോഗം ബാധിച്ചതായി മനസ്സിലാക്കണം. കാട്ടിൽ നിന്ന് പിടിച്ചുകൊണ്ടുവന്നാൽ ആദ്യം പുല്ലിൻെറ കൂടെ കലർത്തി ധാന്യങ്ങൾ നൽകി ക്രമത്തിൽ ധാന്യത്തിൻെറ അളവുവർദ്ധിപ്പിച്ച് ശീലിപ്പിച്ചെടുക്കണം. നനവുള്ള പുൽത്തടങ്ങളിലാണ് ആനയെ കൂടുതൽ കണ്ടുവരുന്നത് എന്നത് അവയുടെ പുല്ലിനോടുള്ള ഇഷ്ടത്തെ സൂചിപ്പിക്കുന്നു. ഈ ഇഷ്ടത്തെ ക്രമത്തിൽ മാത്രമേ മാറ്റിയെടുക്കാൻ കഴിയൂ. കേരളത്തിൽ നാട്ടാനകൾക്ക് പുല്ല് നൽകാറില്ല. ദൗർലഭ്യം കൊണ്ടാകാം. വടക്കേയിന്ത്യയിൽ വൈ



ക്കോൽ കൊടുക്കാറുണ്ട്. പുല്ലിനങ്ങളെപ്പറ്റി ഹസ്ത്യായുർവ്വേദത്തിൽ പരാമർശങ്ങളൊന്നുമില്ല.

വേനൽക്കാലത്ത് പുല്ലുകൾ ഉണങ്ങിപ്പോകുന്നതിനാൽ വൃക്ഷത്തലപ്പുകളും മരപ്പട്ടകളുമാണ് മുഖ്യാഹാരം. കാട്ടാനകൾ സാധാരണയായി ഇനി പറയുന്ന മരങ്ങളുടെ തൊലിയും തളിരിലയും തിന്നുന്നതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. ആനക്കാട്ടിമരം, ആൽമരങ്ങൾ, വലമ്പിരി, വേങ്ങ, കരിങ്ങാലി, പീച്ച്, കാട്ടാവണക്ക് - നാട്ടാനകൾക്ക് കൃത്യമായി ലഭിക്കാത്ത വിഭവങ്ങളാണിവ. വനപ്രാന്തങ്ങളിൽ വളർത്തപ്പെടുന്ന ആനകളെ കാട്ടിൽ മേയാൻ വിടാറുണ്ട്. അവയ്ക്ക് ഇത്തരം ഭക്ഷണങ്ങളും ലഭിക്കുന്നു. ഉത്തരേന്ത്യയിൽ പേരാലിൻെറ തലപ്പുകൊടുക്കുന്ന പതിവുണ്ട്. കേരളത്തിൽ ഈ വൃക്ഷം കുറവാണല്ലോ. അരയാലിൻെറ തലപ്പാകട്ടെ, കൃമിബാധയുണ്ടാക്കുന്നുവെന്നാണ് ആനചികിത്സകരുടെ അഭിപ്രായം.

ചില ചെറുചെടികളും ആനയ്ക്ക് ഭക്ഷണമാകാറുണ്ട്. പറമ്പിക്കുളത്ത് തേക്കുതോട്ടങ്ങളിൽ കടന്നുവരുന്ന ആനകൾ മുള, കുറിഞ്ഞി, ഓരില, ചുണ്ടയിനം, തുടലി തുടങ്ങിയവ തിന്നുന്നതായി നിരീക്ഷിക്കപ്പെട്ടു. കൂടാതെ തൊട്ടാവാടി, ചണ്ണ, കാട്ടുവാഴ തുടങ്ങിയവയും ആന ഇഷ്ടത്തോടെ തിന്നുന്നു.

ഇങ്ങനെ നോക്കുമ്പോൾ വളരെ വൈവിദ്ധ്യമാർന്നതാണ് ആനയുടെ ആഹാരവിഭവങ്ങൾ എന്നുകാണാം. ഓരോ കാലാവസ്ഥയ്ക്ക് ലഭ്യമായവ സമൃദ്ധിയായി (270-320 കിലോഗ്രാം) കാട്ടിൽ ആന കഴിക്കുന്നു. ഈ പൊരുത്തപ്പെടാനുള്ള ശീലം നാട്ടിൽ വരുമ്പോൾ ജീവിക്കാനും ശേഷി നൽകുന്നു.

ഹസ്ത്യായുർവ്വേദം ആനയുടെ ആഹാരത്തെ ഭോജ്യം, ഭക്ഷ്യം, ലേഹ്യം, പേയം എന്ന് നാലായി തിരിക്കുന്നു. ചവച്ചുതിന്നേണ്ടവ ഭക്ഷ്യവും, ചവയ്ക്കാതെ കഴിക്കാവുന്നവ ഭോജ്യവും, നക്കിക്കഴിക്കേണ്ടവ ലേഹ്യവും കുടിക്കേണ്ടത് പേയവുമാണ്. സംസ്കൃതം, അസംസ്കൃതം എന്നും തിരിക്കാം. വേവിച്ചും മറ്റും തയ്യാറാക്കുന്നവയാണ് സംസ്കൃതാഹാരം. കാട്ടിലെ വിഭവങ്ങളുടെ ലഭ്യത നാട്ടിലില്ലാത്തതിനാൽ മനുഷ്യർ കഴിക്കുന്നതും തയ്യാർചെയ്യുന്നതുമായ ആഹാരങ്ങളും ആനയെ ശീലിപ്പിക്കേണ്ടിവരുന്നു. ഇവിടെ രോഗചികിൽസയിലെന്നപോലെ ആരോഗ്യസംരക്ഷണത്തിലുമുള്ള ആയുർവ്വേദതത്വങ്ങൾ പ്രയോഗക്ഷമമാകുന്നു. ശരീരത്തിലേയും അതിലുളവാകുന്ന അവസ്ഥകളേയും വിശദീകരിക്കുന്ന സിദ്ധാന്തങ്ങൾ ആനയുടെ പരിപാലനത്തിലും പ്രസക്തമാണ്.

സ്നേഹദ്രവ്യങ്ങളായ എണ്ണ, നെയ്യ് എന്നിവയ്ക്ക് ഗജപരിപാലനത്തിൽ പ്രധാനമായ പങ്കുണ്ടെന്ന് ഹസ്ത്യായുർവ്വേദം വിധിക്കുന്നു. കാലാവസ്ഥയനുസരിച്ച് ഇവ നൽകുന്നത് ബലത്തെ വർദ്ധിപ്പിക്കുകയും രോഗങ്ങളെ ചെറുക്കുകയും ചെയ്യുന്നു. ഘൃതം, തൈലം തുടങ്ങിയവയുടെ അളവ് കൊടുക്കാൻ യോജിച്ച ഋതു തുടങ്ങിയ വിശദമായ വിവരണങ്ങൾ ഗജശാസ്ത്രഗ്രന്ഥങ്ങളിൽ കാണാം. ലവണം കാട്ടിൽ ശീലിച്ചല്ലെങ്കിലും ആനയ്ക്ക് വളരെ ഇഷ്ടപ്പെട്ട ഒന്നാണ്.

ലവണം ദഹനശക്തിയെ വർദ്ധിപ്പിക്കുകയും കൃമി, വാതരോഗം എന്നിവയെ അകറ്റുകയും ചെയ്യുന്നു. ഉപ്പ് രാവിലെ നൽകരുതെന്നും വൈകീട്ടാണ് വേണ്ടതെന്നുമാണ് വിധി. ദേഹപ്രകൃതിക്കും ഋതുവിനുമനുസരിച്ച് ഉപ്പിൻെറ അളവ് പലതരത്തിൽ പറയുന്നുണ്ടെങ്കിലും ഇന്ന് 100-200 ഗ്രാം വരെ നിത്യേന കൊടുക്കുകയാണ് ചെയ്യുന്നത്.

സസ്യഭോജിയാണെങ്കിലും മാംസവും പല തരത്തിൽ സംസ്കരിച്ചുനൽകുവാൻ ഹസ്ത്യായുർവ്വേദം അനുശാസിക്കുന്നു. വേവിച്ചരച്ചുണ്ടാക്കുന്ന വേശവാരമാണിതിൽ പ്രധാനം.

ഇതിൽ തൃകടു ചേർക്കുന്നത് ദഹനാഗ്നിരണങ്ങളെ സഹായിക്കുന്നു. മാംസം തെരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധ ആവശ്യമാണ്.

പശു, ആട്, എരുമ തുടങ്ങിയവയുടെ പാൽ ആനയ്ക്കു നൽകാം. അതു ശീതവീര്യവും ശരീരത്തെ തടിപ്പിക്കുന്നതുമാണ്. തൈര് ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. തേൻ കഫത്തെ ശമിപ്പിക്കും. മുറിവുകളെ ഉണക്കും. കരിമ്പ് ക്ഷീണത്തെ മാറ്റി സന്തോഷത്തെ ഉണ്ടാക്കും. ഇവ കൂടാതെ മോദകം, ഉത്കാരിക തുടങ്ങിയ സംസ്കൃതാഹാരങ്ങളുമടക്കം വൈവിദ്ധ്യമാർന്ന ഒരു ഭക്ഷണക്രമം ഹസ്ത്യായുർവ്വേദം നിർദ്ദേശിക്കുന്നു.

കേരളത്തിൽ ആനയ്ക്ക് മുഖ്യാഹാരം പനമ്പട്ട തന്നെ. ഇതിൽ ധാന്യകം, മാംസം, കൊഴുപ്പ് എന്നിവയ്ക്കൊപ്പം ധാതുലവണങ്ങളും ഉള്ളതിനാൽ ആനയ്ക്കും യോജിച്ചതുതന്നെ എന്ന് പഠനങ്ങൾ തെളിയിക്കുന്നു . എങ്കിലും ഭക്ഷണത്തിൽ വൈവിദ്ധ്യം ശീലിച്ച ആനയ്ക്ക് ഒരു പ്രത്യേകത നാട്ടിലും നൽകുകയാണെങ്കിൽ അത് ഏറെ ആരോഗ്യദായകമായിരിക്കും.

ആനയുടെ പരിപാലനത്തിൽ ജലത്തിൻെറ പ്രാധാന്യം ഒന്നും തന്നെ കുറവല്ല. കാട്ടിൽ ആനയുടെ സഞ്ചാരഗതി തന്നെ ജലസ്രോതസ്സുകളെ ആശ്രയിച്ചിരിക്കും. ശ്വേതഗ്രന്ഥികളില്ലാത്ത ആനയ്ക്ക് ശരീരം തണുപ്പിക്കാൻ അകത്തും പുറത്തും ജലം കൂടിയേ കഴിയൂ. 100-200 ലിറ്റർ ഒരു ദിവസം ആന കുടിക്കുന്നു. ശുദ്ധമായ ജലം വേണ്ടതുപോലെ നൽകുന്നത് ദഹനത്തെയെന്നപോലെ പല രോഗങ്ങളുടെ പ്രതിരോധത്തേയും സഹായിക്കുന്നു. ആഹാരത്തിൻെറ പ്രയോജനത്തെ സ്വാധീനിക്കുന്ന പല ഘടകങ്ങളുമുണ്ട് . അത് കേവലം ആഹാരത്തിൻെറ ഗുണത്തെ മാത്രം ആശ്രയിച്ചിരിക്കുന്നില്ല. കുളി, ആവശ്യത്തിനനുസരിച്ചുള്ള വ്യായാമം, വിശ്രമം, ജലപാനം, ഉറക്കം എന്നിവയും ആനയുടെ കാര്യത്തിൽ ആഹാരത്തിൻെറ പ്രയോജനത്തെ പൂർണ്ണമാക്കുന്നതിൽ പ്രസക്തമാണ്.